**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **03-02-2026 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിലെ മുന്നേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡുകളും പാലങ്ങളും പൊതുകെട്ടിടങ്ങളും ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ വലിയ കുതിപ്പാണ് സാധ്യമായത്. വിവിധ പദ്ധതികളിലൂടെ കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. നാടിന്റെ പൊതുവികസനത്തിന് ഗതിവേഗം പകരുവാൻ പശ്ചാത്തല വികസന മേഖലയിലെ കുതിപ്പിലൂടെ സാധ്യമായി.<br><br>**ദേശീയപാത 66**<br><br>സംസ്ഥാന സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെ സംസ്ഥാനത്ത് ദേശീയപാത 66 നവീകരണം സാധ്യമാവുകയും അത് അന്തിമഘട്ടത്തിലേക്ക് എത്തുകയും ചെയ്തു. 2014 ൽ കേന്ദ്രം ഉപേക്ഷിച്ച പദ്ധതി 2016 ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയ തുടർച്ചയായ സമ്മർദ്ദത്തെ തുടർന്ന് ആരംഭിക്കുവാൻ തീരുമാനിക്കുകയായിരുന്നു. സ്ഥലം ഏറ്റെടുക്കലിന്റെ 25 % കേന്ദ്രത്തിനു കൈമാറുവാൻ സമ്മതിച്ചതോടെയാണ് പദ്ധതി യാഥാർഥ്യമാക്കുന്നത്. NH 66 വികസനത്തിനായി 5800 കോടി രൂപ സംസ്ഥാനം കിഫ്ബി വഴി കേന്ദ്രത്തിനു കൈമാറി കഴിഞ്ഞു. നിലവിൽ 492.64 km ആറുവരിയിലേക്ക് മാറിക്കഴിഞ്ഞു.<br><br>ഏറെക്കാലമായി ഇഴഞ്ഞു നീങ്ങിയിരുന്ന കുതിരാൻ ടണൽ പ്രവൃത്തി പൂർത്തിയാക്കി. മൂന്നാർ - ബോഡിമെട്ട്, നാട്ടുകൽ - താണാവ് എന്നീ ദേശീയപാത പ്രവൃത്തിയും പൂർത്തീകരിച്ചു. പശ്ചാത്തല |

വികസന മുന്നേറ്റം സാധ്യമാക്കുന്നതിന് തിരുവനന്തപുരം ഔട്ടർ റിങ് റോഡ് , എറണാകുളം ബൈപ്പാസ്, കൊല്ലം - ചെങ്കോട്ട ഗ്രീൻ ഫീൽഡ് പാതകൾക്ക് മാത്രമായി 2370.59 കോടി രൂപയുടെ സാമ്പത്തിക ബാധ്യത വഹിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് - കോഴിക്കോട് ഗ്രീൻ ഫീൽഡ് പാതയുടെ ഭൂമി ഏറ്റെടുക്കലും പുരോഗമിക്കുന്നു. കൊച്ചി - മൂന്നാർ 125 km പാത നവീകരണവും സംസ്ഥാനത്തിന്റെ ഇടപെടലിലൂടെ പുരോഗമിക്കുകയാണ്. വയനാട് ചുരം റോഡിലെ മൂന്ന് ഹെയർപിൻ വളവുകൾക്കൂടി വീതി കൂട്ടി നവീകരിക്കുന്നതിന് സംസ്ഥാനം പദ്ധതി നിർദ്ദേശം സമർപ്പിക്കുകയും അതിന് അനുമതി ലഭ്യമാക്കുകയും ചെയ്തു. രാമനാട്ടുകര - കോഴിക്കോട് എയർപോർട്ട് റോഡ്, കണ്ണൂർ വിമാനത്താവളം റോഡ്, കൊടുങ്ങല്ലൂർ - അങ്കമാലി, ഫോർട്ട് വൈപ്പിൻ - മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് റോഡ്, കോതമംഗലം - മൂവാറ്റുപുഴ ബൈപ്പാസുകൾ എന്നിവ ദേശീയ പാതകളായി ഉയർത്തുന്നതിന്റെ ഭാഗമായി DPR തയ്യാറാക്കുന്നുണ്ട്.

വയനാട് തുരങ്കപാത പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നത് കേരളത്തിന്റെ വികസനക്കുതിപ്പിന് കാരണമാകുന്നു. പ്രവൃത്തി അതിവേഗം പുരോഗമിക്കുന്ന ടണൽ റോഡിന് 2143.7 കോടി രൂപ കിഫ്ബി വഴി അനുവദിച്ചിട്ടുണ്ട്.

മലയോര തീരദേശ പാതകൾ എന്ന കേരളത്തിന്റെ ചിരകാല സ്വപ്നം യാഥാർഥ്യമാക്കുന്നതിനു പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചു. 1179.45 km മലയോര ഹൈവേയിൽ 476.164 km പൂർത്തീകരിച്ച് കഴിഞ്ഞു. കിഫ്ബി വഴി മാത്രം 243 km മലയോര ഹൈവേ പൂർത്തീകരിച്ചു. 507.86 km തീരദേശപാത കിഫ്ബി വഴി വികസിപ്പിക്കുന്നുണ്ട്. ഇതിൽ മൂന്ന് റീച്ചുകൾ പൂർത്തിയാക്കി മുനമ്പം പാലം പ്രവൃത്തി പുരോഗമിക്കുന്നു. മറ്റു റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുകയാണ്.

ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി തടസമില്ലാത്ത റോഡ് ശൃംഖലക്കുള്ള സുപ്രധാന ചുവടുവെയ്പ്പാണ്. 9 റെയിൽവേ മേല്പാലങ്ങളും 1 അടിപ്പാതയും പൂർത്തിയാക്കി ഗതാഗത്തിന് തുറന്നുകൊടുത്തുകഴിഞ്ഞു. RBDCK വഴി 72 ROB കളും KRDCL വഴി 27 ROB കളും നിർമ്മിക്കുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ആവശ്യംകൂടി പരിഗണിച്ച് 39 റെയിൽവേ

മേൽപ്പാലങ്ങൾക്ക് 100 ശതമാനം റെയിൽവേ ഫണ്ടിംഗോടെ അനുമതി ലഭിച്ചിട്ടുണ്ട്.

പശ്ചാത്തല വികസന മേഖലയിൽ വലിയ കുതിപ്പുണ്ടാക്കുവാൻ കിഫ്ബി സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. 511 പദ്ധതികൾക്കായി 39,691.87 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലടക്കം പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുവാൻ കിഫ്ബി സഹായകരമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാത്രം റോഡ് നവീകരണ പദ്ധതികൾക്കുവേണ്ടി 35,000 കോടി രൂപയിലധികം അനുവദിച്ചുകഴിഞ്ഞു. 8200 കിലോമീറ്ററിലേറെ റോഡ് നവീകരിച്ചു. കിഫ്ബി - ബജറ്റ്- നബാർഡ് - ശബരിമല - CRIF- റീബിൽഡ് കേരള - സ്മാർട്സിറ്റി - നോൺ പ്ലാൻ - നഗരപാത വികസനപദ്ധതികൾ തുടങ്ങിയ പദ്ധതികളിലൂടെ റോഡ് നവീകരണം സാധ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ BM & BC നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പ്രത്യേക ഊന്നൽ നൽകി മുന്നോട്ട് പോകുന്നു. 29,522 KM പൊതുമരാമത്ത് റോഡുകളിൽ 17,749.11KM BM&BC നിലവാരത്തിലേക്ക് ഉയർത്തിക്കഴിഞ്ഞു. റോഡ് നിർമ്മാണത്തിനൊപ്പം പരിപാലനത്തിനും മുൻതൂക്കം നൽകി റണ്ണിങ് കോൺട്രാക്ട് പദ്ധതി ആരംഭിച്ചു. DLP ബോർഡുകൾ നിർബന്ധമാക്കിയും പരിപാലനം ഉറപ്പാക്കാനായി ജംഗ്ഷൻ നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയും സാധ്യമാക്കുന്നുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ ഡിസൈൻസ് റോഡ് സജ്ജമാക്കിയ തിരുവനന്തപുരം നഗരത്തിലെ പദ്ധതി ലോക ശ്രദ്ധ നേടുന്നതായി മാറി. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്ന 29 റോഡ് നിർമ്മാണത്തിന് 6341 കോടി രൂപയാണ് അനുവദിച്ചത്. നൂതന സാങ്കേതിക വിദ്യകളായ FDR, ജിയോ സെൽ, ജിയോഗ്രിഡ്, കയർഭൂവസ്ത്രം, വൈറ്റ് ടോപ്പിംഗ്, സോയിൽ സ്റ്റെബിലൈസഷൻ തുടങ്ങിയ സാങ്കേതിക വിദ്യ നടപ്പിലാക്കുകയാണ്.

5 വർഷത്തിനുള്ളിൽ 100 പാലങ്ങൾ പൂർത്തീകരിക്കും എന്ന വാഗ്ദാനം പാലിക്കുക മാത്രമല്ല 150 ൽ അധികം പാലങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. 1600 കോടിയോളം രൂപ പാലം നിർമ്മാണത്തിന് മാത്രമായി ചെലവഴിച്ചു. 100 ഓളം പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഡിസൈൻ പോളിസിയുടെ ഭാഗമായി പാലങ്ങളുടെ അടിഭാഗം ഉപയോഗപ്പെടുത്തി നിർമ്മിച്ച WE PARK പദ്ധതിയും സുപ്രധാന ചുവടുവെപ്പായിമാറി.

| | | | |
|---|---|---|---|
| | | | റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും ജനകീയമാക്കുന്നതിനും നടപ്പിലാക്കിയ പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി 2021 നവംബർ 1 ന് ആരംഭിച്ചു. ഓൺലൈൻ സംവിധാനത്തിലൂടെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ റൂം ഉപയോഗിക്കാൻ സാധിക്കുന്നതാണ് പദ്ധതി. 4 വർഷത്തിനിടയിൽ 5 ലക്ഷത്തോളം ബുക്കിംഗും 30 കോടിയിലേറെ വരുമാനവും സാധ്യമായി. റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയും നടപ്പിലാക്കി. വിനോദ സഞ്ചാര മേഖലയിൽ പുതിയ റസ്റ്റ് ഹൗസുകൾക്ക് തുടക്കമിട്ടു. 23 റസ്റ്റ് ഹൗസുകൾ നവീകരണം പൂർത്തിയാക്കി. 17 റസ്റ്റ് ഹൗസുകളിൽ കൂടി നവീകരണം നടക്കുന്നുണ്ട്. ഹരിത കെട്ടിട നിർമ്മാണ രീതികൾ സാധ്യമാക്കുകയും പ്രീ ഫാബ് പോലുള്ള സാങ്കേതിയ വിദ്യകൾ പ്രയോജനപ്പെടുത്തിയും കെട്ടിട നിർമ്മാണ മേഖലയിലും മാറ്റം സാധ്യമാക്കി. ഇതോടൊപ്പം കോമ്പോസിറ്റ് ടെൻഡർ രീതി നടപ്പിലാക്കിയത് മികവുറ്റ കെട്ടിട നിർമ്മാണത്തിന് സഹായകരമാകുന്നുണ്ട്. ഡിസൈൻ - ആർക്കിടെക്ചർ മേഖലയെ ശക്തിപ്പെടുത്തി മികവുറ്റ കെട്ടിടങ്ങളും നിർമ്മിതികളും സാധ്യമാക്കി.<br><br>പശ്ചാത്തല വികസന മേഖലയിലെ മാറുന്ന കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് നൂതന പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന രീതിയിൽ KHRI യെ ശക്തിപ്പെടുത്തി. സമയബന്ധിതമായ പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും മൊബൈൽ പരിശോധന യൂണിറ്റുകൾ അടക്കം സജ്ജമാക്കി. ജില്ലാ തലങ്ങളിൽ DICC യും മണ്ഡലം തലങ്ങളിൽ CMT യും രൂപീകരിച്ച് പ്രവൃത്തികളുടെ ഏകോപനവും ഉറപ്പാക്കാനായി. ജനങ്ങൾക്ക് നിർദ്ദേശങ്ങളും പരാതികളും അറിയിക്കുന്നതിന് PWD 4U ആപ്പ് സജ്ജമാക്കി വകുപ്പിനെ കൂടുതൽ ഹൈടെക് ആക്കി മാറ്റുകയും ചെയ്യുന്നുണ്ട്. |
| (ബി) | കേരളത്തിലെ ദേശീയ സംസ്ഥാനപാതകൾ അന്തർദേശീയ നിലവാരത്തിൽ പരിഷ്കരിച്ചതു പോലെ ഗ്രാമീണ ജില്ലാപാതകളും പത്തു വർഷ ഗ്യാരന്റിയിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ബഡ്ജറ്റ് പദ്ധതിയിലും മറ്റു പദ്ധതികളിലും ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡ് നവീകരണ പ്രവൃത്തികൾ പൊതുമരാമത്ത് വിങ്ങുകൾ ഏറ്റെടുത്ത് നിർമ്മിക്കുന്നുണ്ട്. റോഡുകൾ BM & BC നിലവാരത്തിലേക്ക് ഉയർത്തി കൂടുതൽ ഈടുനിൽക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കിഫ്ബി, നബാർഡ്,ശബരിമല, CRIF, RKI , ബജറ്റ് പ്രവൃത്തികൾ, നഗരപാത വികസനം, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികളിലൂടെ ഗ്രാമീണ റോഡുകളും ഡിസൈൻ റോഡുകളായി മാറിക്കൊണ്ടിരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ തദ്ദേശ സ്വയംഭരണ വകുപ്പും നൂതനമായ പദ്ധതികളിലൂടെ തദ്ദേശ റോഡുകളുടെ നവീകരണം സാധ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ